ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 09.07.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. വിദ്യാഭ്യാസവും അറിവും മനുഷ്യരാശിക്കും രാജ്യത്തിനും വേണ്ടി ഉപയോഗിക്കണമെന്ന് വിദ്യാർത്ഥികളോട് അഭ്യർത്ഥിച്ച് രാഷ്ട്രപതി ദ്രൗപതി മുർമു.

   **President Draupadi Murmu appealed to the students to use education and knowledge for the benefit of mankind and country.**

2. റഷ്യൻ ഫെഡറേഷൻറെ പരമോന്നത സിവിലിയൻ ബഹുമതി പ്രധാനമന്ത്രി നരേന്ദ്രമോദിയ്ക്ക് .140 കോടി ഇന്ത്യക്കാർക്കുള്ള ബഹുമതിയാണിതെന്ന് പ്രധാനമന്ത്രി.

   **The highest civilian honor of the Russian Federation to Prime Minister Narendra Modi. The Prime Minister said that this is an honor for 140 crore Indians.**

3. ഇന്ത്യ-റഷ്യ വാർഷിക ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയും റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനും അധ്യക്ഷത വഹിച്ചു.

   **Prime Minister Narendra Modi and Russian President Vladimir Putin chaired the India-Russia Annual Summit.**

4. പരസ്പര സഹകരണത്തോടെയുള്ള വിദ്യാഭ്യാസ സമ്പ്രദായം കെട്ടിപ്പടുക്കാൻ സംസ്ഥാനങ്ങളും കേന്ദ്ര ഭരണ പ്രദേശങ്ങളും ഒരുമിച്ച് പ്രവർത്തിക്കണമെന്ന് കേന്ദ്ര മന്ത്രി ധർമേന്ദ്ര പ്രധാൻ.

   **Union Education Minister Dharmendra Pradhan has called upon States and Union Territories to work together for building a collaborative education system.**

5. ബിജെപി പ്രവർത്തകരുടെ ആത്മസമർപ്പണമാണ് പാർലമെൻറ് തിരഞ്ഞെടുപ്പിലെ വിജയത്തിന് കാരണമെന്ന് പാർട്ടി ദേശീയ അധ്യക്ഷൻ ജെ പി നഡ്ഡ. ബിജെപി വിശാല

നേതൃയോഗത്തിൻറെ സമാപന സമ്മേളനം അദ്ദേഹം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു.

**The bjp national president JP Nadda said that the reason for the victory in the parliamentary elections was the self-sacrifice of the BJP workers. He inaugurated the concluding session of the BJP's general leadership meeting in Thiruvananthapuram.**

6. വനിതാ ട്വൻറി - 20 ക്രിക്കറ്റിൽ ഇന്ത്യ- ദക്ഷിണാഫ്രിക്കയെ നേരിടുന്നു.

**India vs South Africa in Women's T20-20 Cricket.**

&&&&&&&&&&&&&&&&&&

## HEAD LINE – 1

## PREZ-BHUBANESWAR

വിദ്യാഭ്യാസവും അറിവും മനുഷ്യരാശിക്കും രാജ്യത്തിനും വേണ്ടി ഉപയോഗിക്കണമെന്ന് വിദ്യാർത്ഥികളോട് അഭ്യർത്ഥിച്ച് രാഷ്ട്രപതി ദ്രൗപതി മുർമു . ഭുവനേശ്വറിൽ NISER-ൻ്റെ 13-ാമത് ബിരുദദാന ചടങ്ങിനെ അഭിസംബോധന ചെയുകയായിരുന്നു രാഷ്ട്രപതി. വിദ്യാഭ്യാസം അമൃത് പോലെയാണെന്ന് പറഞ്ഞ രാഷ്ട്രപതി സി.വി രാമനെയും പഠാണി സാമന്തയെയും പോലുള്ളവരെ അനശ്വരരാക്കിയത് വിദ്യാഭ്യാസമാണെന്നും കൂട്ടിച്ചേർത്തു. എന്നാൽ പഠനത്തിലും ഗവേഷണത്തിലും ശാസ്ത്രത്തിൻ്റെയും സാങ്കേതികവിദ്യയുടെയും ദുരുപയോഗം മനുഷ്യനെ നശിപ്പിക്കുന്നതിനെക്കുറിച്ച് രാഷ്ട്രപതി വിദ്യാർത്ഥികൾക്ക് മുന്നറിയിപ്പ് നൽകി ഒഡീഷയിൽ നാല് ദിവസത്തെ സന്ദർശനത്തിനെത്തിയ രാഷ്ട്രപതി ഇന്ന് വൈകുന്നേരം ഡൽഹിയിലേക്ക് മടങ്ങും.

&&&&&&&&&&&&&&&&&&

## HEAD LINE – 2

## PM RUSSIA VISIT

റഷ്യൻ ഫെഡറേഷൻറെ പരമോന്നത സിവിലിയൻ ബഹുമതി പ്രധാനമന്ത്രി നരേന്ദ്രമോദിയ്ക്ക് റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ

പുട്ടിൻ സമ്മാനിച്ചു. 140 കോടി ഇന്ത്യക്കാർക്കുള്ള ബഹുമതിയാണിതെന്നും പ്രധാനമന്ത്രി.

22-ാമത് ഇന്ത്യ-റഷ്യ വാർഷിക ഉച്ചകോടിയ്ക്ക് തുടക്കമായി . പ്രധാനമന്ത്രി നരേന്ദ്ര മോദിയും റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനും സംയുക്തമായി ഉച്ചകോടിയുടെ അധ്യക്ഷത വഹിച്ചു. പ്രതിരോധം, വ്യാപാരം, നിക്ഷേപം, ഊർജ സഹകരണം, സംസ്കാരം, വിദ്യാഭ്യാസം തുടങ്ങിയ ഉഭയകക്ഷി വിഷയങ്ങൾ ഉച്ചകോടി ചർച്ച ചെയ്യും.

&&&&&&&&&&&&&&&&&&

## HEAD LINE – 3

## PM-PUTIN MEETING

റഷ്യൻ പ്രസിഡണ്ട് വ്ളാഡിമിർ പുടിനുമായി പ്രധാനമന്ത്രി നരേന്ദ്രമോദി കൂടിക്കാഴ്ച നടത്തി. വരും വർഷങ്ങളിൽ ഇന്ത്യ-റഷ്യ ബന്ധം കൂടുതൽ ദൃഢമാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ആത്മവിശ്വാസം പ്രകടിപ്പിച്ചു. 10 വർഷത്തിനിടെ അനേകം തവണ തങ്ങൾ കൂടിക്കാഴ്ച നടത്തിയതായും മോദി പറഞ്ഞു. . കഴിഞ്ഞ 40 വർഷമായി ഇന്ത്യ തീവ്രവാദത്തെ അഭിമുഖീകരിക്കുകയാണെന്നും അതുകൊണ്ടു തന്നെ മോസ്കോയിൽ ഭീകരാക്രമണം നടന്നപ്പോഴുള്ള വേദന തനിക്ക് ഊഹിക്കാവുന്നതേയുള്ളൂവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇന്ത്യ റഷ്യ സഹകരണം ഇന്ത്യൻ കർഷകർക്കും ഇന്ത്യൻ ഉപഭോക്താക്കൾക്കും സഹായകമായെന്ന് പറഞ്ഞ മോദി അന്താരാഷ്ട്ര വിപണിയിൽ ഇന്ധനവിലയിൽ സുസ്ഥിരത കൈവരിക്കുന്നതിൽ ഇന്ത്യ-റഷ്യ കരാർ വലിയ പങ്കാണ് വഹിച്ചതെന്നും ചൂണ്ടിക്കാട്ടി .

&&&&&&&&&&&&&&&&&&

## HEAD LINE – 4

## FUR REV PM – INDIAN COMMUNITY (INTRO)

ഇന്ത്യയെ ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയാക്കാനാണ് കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. റഷ്യയിലെ മോസ്‌കോയിൽ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. **വിശദാംശങ്ങളിലേക്ക്..... (വോയ്‌സ്)**

## FUR REV PM – INDIAN COMMUNITY (VOICE)

ഇന്ത്യ കഴിഞ്ഞ 10 വർഷത്തിനിടെ കൈവരിച്ച വികസന പുരോഗതി ലോകരാജ്യങ്ങളെ അതിശയിപ്പിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി മോസ്കോയിൽ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്തു കൊണ്ട് പറഞ്ഞു. ആത്മവിശ്വാസം നിറഞ്ഞ രാജ്യമായി ഇന്ത്യ മാറിക്കഴിഞ്ഞതായും, ഇതാണ് രാജ്യത്തിൻറെ ഏറ്റവും വലിയ സമ്പത്തെന്നും അദ്ദേഹം വ്യക്തമാക്കി. മൂന്നാം തവണയും പ്രധാനമന്ത്രി സ്ഥാനത്തെത്തിയപ്പോൾ രാജ്യത്തിനായി 3 മടങ്ങ് കൂടുതൽ ശക്തിയിലും വേഗത്തിലുമാണ് താൻ പ്രവർത്തിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയെ ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയാക്കുകയാണ് സർക്കാരിൻ്റെ ലക്ഷ്യമെന്നും ശ്രീ മോദി വ്യക്തമാക്കി. ഇന്ത്യയുടെ ഈ മാറ്റം സംവിധാനത്തിലും അടിസ്ഥാന സൗകര്യങ്ങളിലും മാത്രമല്ല പ്രകടമാകുന്നത് , രാജ്യത്തെ ഓരോ പൗരൻ്റെയും ആത്മവിശ്വാസത്തിലും ഈ മാറ്റം ദൃശ്യമാണെന്നും ശ്രീ.മോദി പറഞ്ഞു. ആഗോള സമൃദ്ധിക്ക് പുതിയ ഊർജം നൽകാൻ ഇന്ത്യയും റഷ്യയും തോളോട് തോൾ ചേർന്ന് നീങ്ങുകയാണെന്നും ഇരുരാജ്യങ്ങളും തമ്മിലുള്ള ഈ ബന്ധം ശക്തിപ്പെടുത്തുന്നതിന് റഷ്യൻ പ്രസിഡൻ്റ് പുടിൻ്റെ നേതൃത്വത്തെ അദ്ദേഹം അഭിനന്ദിച്ചു.കസാനിലും യെക്കാറ്റെറിൻബർഗിലും പുതിയ കോൺസുലേറ്റുകൾ തുറക്കാൻ ഇരുരാജ്യങ്ങളും തീരുമാനിച്ചതായി പ്രധാനമന്ത്രി പറഞ്ഞു. ഇത് ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധം മെച്ചപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു.

**ന്യൂസ് ഡെസ്ക് ആകാശവാണി...**

&&&&&&&&&&&&&&&&&&

## MODI- RUSSIAN EXHIBITION CENTRE

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് മോസ്കോയിലെ 'ഓൾ-റഷ്യൻ എക്സിബിഷൻ സെൻ്ററ്' സന്ദർശിച്ചു.

ഇന്ത്യയിലെ കൂടംകുളം ആണവനിലയത്തിൻ്റെ ഹൃദയഭാഗമായ VVER-1000 റിയാക്ടറിൻ്റെപ്രവർത്തന മാതൃകയായ "ആറ്റോമിക് സിംഫണി"യും അദ്ദേഹം കണ്ടു. ശാസ്ത്ര സാങ്കേതിക വികാസങ്ങളുടെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രദർശനങ്ങളിലൊന്നായ റോസാറ്റം പവലിയൻ,സന്ദർശിച്ച അദ്ദേഹം.ശാസ്ത്ര-സാങ്കേതിക രംഗത്തെ ഭാവി സാധ്യതകൾ പരിശോധിക്കാൻ അവിടത്തെ ഇന്ത്യൻ വിദ്യാർഥികളെ ആഹ്വാനം ചെയ്തു .

&&&&&&&&&&&&&&&&&&

## PM - TOMB OF SOLDIER

മോസ്കോയിലെ യുദ്ധസ്മാരകമായ ടോംബ് ഓഫ് അൺനോൺ സോൾജിയറും പ്രധാനമന്ത്രി സന്ദർശിച്ചു. രണ്ടാം ലോകമഹായുദ്ധത്തിൽ ജീവൻ നഷ്ടപ്പെട്ട സോവിയറ്റ് സൈനികരുടെ ഓർമ്മയ്ക്കായുള്ള സ്മാരകത്തിൽ അദ്ദേഹം പുഷ്പചക്രം അർപ്പിച്ചു.

&&&&&&&&&&&&&&&&&&

## PRADHAN - EDUCATION

പരസ്പര സഹകരണത്തോടെയുള്ള വിദ്യാഭ്യാസ സമ്പ്രദായം കെട്ടിപ്പടുക്കാൻ സംസ്ഥാനങ്ങളും കേന്ദ്ര ഭരണ പ്രദേശങ്ങളും ഒരുമിച്ച് പ്രവർത്തിക്കണമെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ. ന്യൂഡൽഹിയിൽ സ്കൂൾ വിദ്യാഭ്യാസ, സാക്ഷരതാ വകുപ്പിൻ്റെ അവലോകന യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ദേശീയ വിദ്യാഭ്യാസ നയം 2020 -ൽ മാതൃഭാഷയ്ക്കും എല്ലാ ഇന്ത്യൻ

ഭാഷകൾക്കും വിദ്യാഭ്യാസത്തിൽ നൽകേണ്ട പ്രാധാന്യം ഊന്നിപ്പറഞ്ഞിട്ടുണ്ടെന്നും ശ്രീ പ്രധാൻ ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&&

## IMD

രാജ്യത്തെ മധ്യ, കിഴക്കൻ, വടക്കു കിഴക്കൻ മേഖലയിൽ അടുത്ത നാലു ദിവസം അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പശ്ചിമബംഗാളിലെ സബ് ഹിമാലയൻ മേഖല, സിക്കിം, ബിഹാർ, അരുണാചൽ പ്രദേശ്, അസം, മേഘാലയ എന്നിവിടങ്ങളിൽ ഈ മാസം 12 വരെ മഴ തുടരുമെന്നാണ് മുന്നറിയിപ്പ്. അതിനിടെ ഉത്തർപ്രദേശിലെ ആറു ജില്ലകളിലെ 200 ഗ്രാമങ്ങളെ വെള്ളപ്പൊക്കം ബാധിച്ചു. പ്രളയബാധിത അസമിൻ്റെ ദുരിതാശ്വാസത്തിനും പുനരധിവാസത്തിനുമുള്ള പാക്കേജ് പ്രധാനമന്ത്രി ഉടൻ പ്രഖ്യാപിക്കുമെന്ന് കേന്ദ്ര മന്ത്രി മനോഹർ ലാൽ ഇന്ന് ഗുവാഹത്തിയിൽ അവലോകനയോഗത്തിന് ശേഷം അറിയിച്ചു.

&&&&&&&&&&&&&&&&&&

## UTTARAKHAND -CM

ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമി ഇന്ന് സംസ്ഥാനത്തെ പ്രളയ ബാധിത പ്രദേശങ്ങളിൽ വ്യോമനിരീക്ഷണം നടത്തി. ഉത്തരാഖണ്ഡിന്റെ പല പ്രദേശങ്ങളിലും ഇന്നലെയും മിനിഞ്ഞാന്നുമായി കനത്ത മഴയാണ് അനുഭവപ്പെടുന്നത്. ഉദംസിംഗ് നഗർ, ചമ്പാവത് ജില്ലകളിൽ ആയിരത്തിലധികം പേരെ രക്ഷപ്പെടുത്തി സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി. ദുരിതബാധിതരായ 120 പേർക്ക് ആറ് ലക്ഷം രൂപയുടെ സഹായം വിതരണം ചെയ്തു. സംസ്ഥാനത്ത് ചിലയിടങ്ങളിൽ നാളെയും ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ വകുപ്പ് അറിയിച്ചിട്ടുണ്ട് .

&&&&&&&&&&&&&&&&&&

## Bihar heavy rainfall

ബീഹാറിലും കനത്ത മഴ തുടരുകയാണ് . പട്ന, സിവാൻ, ഗോപാൽഗഞ്ച്, സരൺ, സഹർസ, മധേപുര, കതിഹാർ, ഭഗൽപൂർ, നവാദ ജില്ലകൾ ഉൾപ്പെടെ സംസ്ഥാനത്തെ പടിഞ്ഞാറൻ, ദക്ഷിണ-മധ്യ ഭാഗങ്ങളിൽ അടുത്ത 24 മണിക്കൂറിനുള്ളിൽ കനത്ത മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. നേപ്പാളിലെ തേരായ് മേഖലയിൽ പേമാരി കാരണം പല ജില്ലകളിലും വെള്ളപ്പൊക്കത്തിന് സമാനമായ സാഹചര്യം നിലവിലുണ്ട് .

&&&&&&&&&&&&&&&&&&

## MAHARASHTRA - WEATHER

കനത്ത മഴയെതുടർന്ന് കഴിഞ്ഞ ദിവസങ്ങളിൽ ജനജീവിതം ദുസ്സഹമായ മുംബൈയിൽ ഇന്ന് മെച്ചപ്പെട്ട കാലാവസ്ഥയാണ് അനുഭവപ്പെട്ടത് . മുംബൈ നഗരത്തിലും പ്രാന്ത പ്രദേശങ്ങളിലും IMD പുറപ്പെടുവിച്ച റെഡ് അലർട്ട് പിൻവലിച്ചു. സെൻട്രൽ, വെസ്റ്റേൺ ലൈനുകളിലെ ട്രെയിനുകൾ സാധാരണ ഗതിയിൽ ഓടുന്നുണ്ട് . വെള്ളം കയറിയ താഴ്ന്ന പ്രദേശങ്ങളിൽ ഗതാഗത സംവിധാനങ്ങൾ പൂർവ്വസ്ഥിതിയിൽ എത്തിയിട്ടില്ല .

&&&&&&&&&&&&&&&&&&

## HURRICANE BERY

ബെറിൽ ചുഴലിക്കാറ്റിൽ അമേരിക്കയിലെ ടെക്സസിലും ലുസിയാനയിലുമായി എട്ട് പേർ മരിച്ചു. ചുഴലിക്കാറ്റിനെ തുടർന്ന് മേഖലയിൽ തുറമുഖങ്ങൾ താത്കാലികമായി അടക്കുകയും 1100 യാത്രാ വിമാനങ്ങൾ റദ്ദാക്കുകയും ചെയ്തു . 3 ദശലക്ഷത്തിലധികം വീടുകളിലും വ്യാപാര സ്ഥാപനങ്ങളിലും വൈദ്യുതി തടസ്സവും അനുഭവപ്പെടുന്നുണ്ട്. അതേസമയം ചുഴലിക്കാറ്റ് ദുർബലമായതായി യുഎസ് നാഷണൽ ഹറികെയ്ൻ സെൻറർ അറിയിച്ചു.

&&&&&&&&&&&&&&&&&&

**HEAD LINE – 6**

**TWENTY - 20**

വനിതാ ട്വന്റി - 20 ക്രിക്കറ്റിൽ ഇന്ത്യ- ദക്ഷിണാഫ്രിക്കയെ നേരിടുന്നു. ടോസ് നേടിയ ഇന്ത്യ ബൗളിംഗ് തെരഞ്ഞെടുക്കുകയായിരുന്നു. ചെന്നൈയിലെ M A ചിദംബരം സ്റ്റേഡിയത്തിലാണ് മത്സരം പുരോഗമിക്കുന്നത്.

&&&&&&&&&&&&&&&&&&

**NIYAMASABHA**

കാർഷിക പ്രതിസന്ധി സംബന്ധിച്ച ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് കേരള നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്. സംസ്ഥാനത്ത് ഉഷ്ണതരംഗത്തിലും അതി തീവ്ര മഴയിലും കൃഷി നാശം സംഭവിച്ചത് മൂലം കർഷകർ നേരിടുന്ന പ്രതിസന്ധി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷത്ത് നിന്ന് കുറുക്കോളി മൊയ്തീൻ ആണ് ഉപക്ഷേപത്തിന് നോട്ടീസ് നൽകിയത്. കാലാവസ്ഥാ വ്യതിയാനം പരിഗണിക്കുന്ന വിധത്തിൽ നയപരമായ മാറ്റം ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതുണ്ടെന്നും പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു. ആഗോള താപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കാർഷിക മേഖല നേരിടുന്ന പ്രതിസന്ധിയെ സർക്കാർ ഗൗരവമായാണ് കാണുന്നതെന്ന് മന്ത്രി പി. പ്രസാദ് മറുപടി നൽകി. കർഷകരെ സഹായിക്കുന്ന നിലപാടാണ് സർക്കാരിൻറേതെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

**HEAD LINE – 5**

**J. P NADDA**

പ്രതികൂല സാഹചര്യങ്ങൾക്കിടയിലും ആത്മസമർപ്പണത്തോടെ ബിജെപി പ്രവർത്തകർ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമാണ് പാർലമെൻറ് തിരഞ്ഞെടുപ്പിൽ മൂന്നാം വട്ടവും വിജയിക്കാൻ കാരണമായതെന്ന് പാർട്ടി ദേശിയ അധ്യക്ഷനും കേന്ദ്രമന്ത്രിയുമായ ജെ പി നഡ്ഡ. ബിജെപി വിശാല

നേതൃയോഗത്തിൻറെ സാമപനസമ്മേളനം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരളത്തിൽ നിന്ന് ലോക്സഭയിലേക്ക് ആദ്യമായി ഒരു പ്രതിനിധിയെ വിജയിപ്പിക്കാൻ സാധിച്ചതിൽ സംസ്ഥാനത്തെ ബിജെപി പ്രവർത്തകരെ അദ്ദേഹം അനുമോദിച്ചു. ബിജെപി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രൻ, കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ, മുൻമന്ത്രി വി.മുരളീധരൻ, മുതിർന്ന നേതാക്കളായ ഒ.രാജഗോപാൽ, കുമ്മനം രാജശേഖരൻ, ശോഭാ സുരേന്ദ്രൻ തുടങ്ങിയവർ സമ്മേളനത്തിൽ സന്നിഹിതരായി.

&&&&&&&&&&&&&&&&&&

## PURI– LPG AUTHENTICATION

വ്യാജ ഉപഭോക്താക്കളെ നീക്കം ചെയ്യുന്നതിൻറെ ഭാഗമായാണ്, എണ്ണ വിപണന കമ്പനികൾ എൽപിജി ഉപഭോക്താക്കളുടെ ആധാർ അധിഷ്ഠിത തിരിച്ചറിയൽ ഉറപ്പ് വരുത്തുന്നതെന്ന് കേന്ദ്ര പെട്രോളിയം, പ്രകൃതി വാതക മന്ത്രി ഹർദീപ് സിംഗ് പുരി. 8 മാസത്തിലേറെയായി ഈ പ്രക്രിയ നടന്നു വരുന്നതായും അദ്ദേഹം പറഞ്ഞു. ഗ്യാസ് ഏജൻസികളിലെ എൽപിജി മസ്റ്ററിങ്ങിൽ അനുഭവപ്പെടുന്ന തിരക്ക് സാധാരണ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്ന പ്രതിപക്ഷ നേതാവ് വി ഡി സതീശന്റെ കത്തിന് മറുപടിയായാണ് കേന്ദ്രമന്ത്രി ഇക്കാര്യം പറഞ്ഞത്. മസ്റ്ററിങ്ങിന് സമയപരിധി നിശ്ചയിച്ചിട്ടില്ലെന്നും, ഉപഭോക്താക്കൾക്ക് എണ്ണ വിപണന കമ്പനികളുടെ മൊബൈൽ ആപ്പ് വഴി ഈ പ്രക്രിയ പൂർത്തിയാക്കാൻ സാധിക്കുമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

&&&&&&&&&&

&&&&&&&

&&&&